പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3943 21.6.2018 -ൽ മറുപടിയ്ക്ക്

## മങ്കടയിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) | |
|---|---|---|---|
| എ) | മങ്കട നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന, ടൂറിസം വകുപ്പിന് കീഴിലുള്ള ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) | മങ്കട നിയോജക മണ്ഡലത്തിൽ പെരിന്തൽമണ്ണയിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് പുതിയ കെട്ടിടം പണിയുന്നതിനായി, തൊഴിൽ വകുപ്പിന്റെ കീഴിലുള്ള മൂന്ന് ഏക്കർ ഭൂമിയിൽ നിന്നും 80 സെന്റ് സ്ഥലം അനുവദിക്കുവാൻ ടൂറിസം ഡയറക്ടർ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) | നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്ന വാടകക്കെട്ടിടവുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ? | ബി) | പെരിന്തൽമണ്ണ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ പഴയ ഹോസ്റ്റൽ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടി കെട്ടിടം ഉടൻ ഒഴിഞ്ഞുകൊടുക്കേണ്ടതിനാലും, മറ്റൊരു വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് വലിയ സാമ്പത്തികനഷ്ടം ഉണ്ടാക്കുമെന്നതിനാലും, സ്വന്തമായി സ്ഥലം ലഭ്യമാക്കുന്നതിനായി മലപ്പുറം ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ